A

6001

# അർദ്ധവാർഷിക മൂല്യനിർണയം 2017-18

## കല, പ്രവൃത്തി, ആരോഗ്യകായിക വിദ്യാഭ്യാസം

ക്ലാസ് - 6 | സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് പതിനഞ്ചു മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. പ്രവൃത്തിപഠനം, ആരോഗ്യകായികവിദ്യാഭ്യാസം എന്നിവയിൽ നൽകിയിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്. കലാപഠനത്തിൽ ചിത്രകല, നാടകം, സംഗീതം, നൃത്തം എന്നീ മേഖലകളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതിയാൽ മതിയാകും.
3. മൂന്നു വിഭാഗങ്ങളിലായി ചോദ്യങ്ങൾ നൽകിയിരിക്കുന്നു. അവയ്ക്ക് വ്യത്യസ്തമായ മൂന്ന് പേപ്പറുകളിലായി ഉത്തരമെഴുതണം. അവയിലെല്ലാം വിഷയം, പേര്, ക്ലാസ്നമ്പർ, ക്ലാസ്സ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തണം.
4. മൂന്ന് വിഭാഗങ്ങൾക്കായി ആകെ രണ്ടു മണിക്കൂർ സമയം അനുവദിക്കും. ഓരോ വിഷയത്തിനും നാൽപതു മിനുട്ട് വീതം സമയമാണ് ലഭിക്കുന്നത്.

## വിഭാഗം 1 - കലാപഠനം

**മേഖല - ചിത്രകല**

1. വസ്ത്രങ്ങളിൽ ഡിസൈനുകൾ വരയ്ക്കാൻ ഉപയോഗിക്കുന്നത് ഏതു മാധ്യമത്തിൽപെട്ട നിറങ്ങൾ ആണ്?.

   (വാട്ടർകളർ, ഓയിൽകളർ, ഫാബ്രിക്കളർ)

2. താഴെ പറയുന്ന പ്രസ്താവന ശരിയോ തെറ്റോ?.

   'ശില്പങ്ങൾക്ക് ത്രിമാനതയുണ്ട്'

3. മനുഷ്യ ശരീരത്തിന്റെ ആകാരത്തെ സാധാരണ ഏത് അവയവത്തെ അടിസ്ഥാനപ്പെടുത്തി $7\frac{1}{2}$ മടങ്ങ് വലിപ്പത്തിൽ ചിത്രീകരിക്കുന്നു ?

   (കാൽ, കൈ, തല)

4. "എത്ര പെട്ടന്നാണ് മുറ്റത്തു നിന്നും പാവം കോഴിക്കുഞ്ഞിനേം കൊണ്ട് ആ പരുന്ത് റോക്കറ്റുപോലെ പറന്നു പോയത്. തള്ളക്കോഴി കുറച്ചു ദൂരം കൊക്കിപാറി പുറകേ ഓടി. ഇറയത്ത് പഠിച്ചുകൊണ്ടിരുന്ന കുഞ്ഞാമിനയ്ക്ക് സങ്കടമായി. പാവം തള്ളക്കോഴിക്ക് പറക്കാമായിരുന്നുവെങ്കിൽ അതിന്റെ കുഞ്ഞിനെ രക്ഷിക്കാമായിരുന്നു.... അവൾ ഓർത്തു. പുറകിൽ നിന്നതാ തന്റെ ആട്ടിൻ കുട്ടി കരഞ്ഞുകൊണ്ട് ഓടി വരുന്നു. കുഞ്ഞാമിന തിരിഞ്ഞു നോക്കി. തെങ്ങിൽ കെട്ടിയിരിക്കുന്ന പുള്ളി പശു ആട്ടിൻ കുട്ടിയെ പേടിപ്പിച്ചതാണെന്ന് അവൾക്ക് മനസ്സിലായി. ഓരോ ജീവിക്കും അതിന്റെ രൂപത്തിലും സ്വഭാവത്തിലും വ്യത്യാസമുണ്ടെന്ന് ടീച്ചർ പറഞ്ഞത് എത്ര ശരിയാണ്."

   വലുതും ചെറുതുമായ വ്യത്യസ്ത രൂപ ഘടനയിലുള്ള രണ്ടു മൃഗങ്ങളേയോ പക്ഷികളേയോ അവയ്ക്ക് അനുയോജ്യമായ പരിസരവും ചേർത്ത് വരയ്ക്കുക?

**മേഖല - നാടകം**

**തിരക്കേറിയ ചന്തയിൽ നടന്ന ഒരു സംഭവം വായിക്കൂ.**

വൈകുന്നേരം 5 മണിയായി. ചന്തയിൽ തിരക്കേറിവരികയാണ്. കച്ചവടക്കാർ ചന്ത മുഴുവൻ കേൾക്കുന്ന വിധം ഉച്ചത്തിൽ കൂകി വിളിച്ചുകൊണ്ടാണ് ഓരോരുത്തരേയും ക്ഷണിച്ചുകൊണ്ടിരിക്കുന്നത് - തലയിൽ ചുമടേറ്റി സഞ്ചരിക്കുന്നവർ, ഭിക്ഷക്കാർ, അച്ഛനമ്മമാരുടെ കൈവിരലിൽ തൂങ്ങി കോലുമിഠായികൾ നുണഞ്ഞ് പോകുന്ന കൊച്ചു കുഞ്ഞുങ്ങൾ   അങ്ങനെ ഓരോരുത്തരും അവരുടെതായ ആവശ്യങ്ങളുമായി സഞ്ചരിച്ചുകൊണ്ടേയിരിക്കുന്നു. ഇതിനിടയിലാണ് അത് സംഭവിച്ചത്. ഒരു ചെറുപ്പക്കാരൻ അതിവേഗത്തിൽ നടന്നുകൊണ്ടിരിക്കുകയായിരുന്നു. അവനറിയാതെ മധ്യവയസ്കനായ മറ്റൊരാളുടെ കാലിൽ ഒന്നു ചവിട്ടിപ്പോയി. മധ്യവയസ്കൻ ദേഷ്യത്തോടെ യുവാവിന് നേരെ തിരിഞ്ഞു.........

**ഈ സംഭവത്തിന്റെ തുടർച്ച ഒരു കഥയാക്കിയാൽ**

1. പിന്നീടെന്തായിരിക്കും അവിടെ നടന്നിട്ടുണ്ടാകുക?
2. മറ്റേതെല്ലാം കഥാപാത്രങ്ങൾ ഇവർക്കിടയിലേക്ക് വന്നിട്ടുണ്ടാകും?.
3. ഈ സംഭവത്തിന്റെ തുടർച്ച ഭാവനയിൽ കണ്ടുകൊണ്ട് സംഭാഷണങ്ങൾ എഴുതി നാടകമാക്കുക.

**മേഖല - സംഗീതം**

**1 മുതൽ 3 വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക**

1. വാദ്യോപകരണങ്ങളെ അവയുടെ നിർമ്മാണ രീതിയും വാദന രീതിയും. പ്രാധാന്യവും അടിസ്ഥാനമാക്കി ഇങ്ങനെ തരം തിരിച്ചിരിക്കുന്നു.
   താളവാദ്യം, തന്ത്രിവാദ്യം, ............
   (സുഷിരവാദ്യം, അസുരവാദ്യം, പഞ്ചവാദ്യം)


കെ.എസ്. ചിത്ര


പി.ജയചന്ദ്രൻ


എസ്.ജാനകി


ശെമ്മാങ്കുടി ശ്രീനിവാസയ്യർ

2. ചിത്രങ്ങൾ ശ്രദ്ധിക്കൂ.
   ഇവരിൽ ആരാണ് ചലച്ചിത്ര പിന്നണിഗാന രംഗത്ത് സജീവമല്ലാത്ത വ്യക്തി?.

3. താഴെകൊടുത്തിരിക്കുന്ന സംഗീതാംശങ്ങളിൽ ഏതാണ് ആലാപനത്തിന്റെ സമയവുമായി ബന്ധപ്പെട്ടത്?.

(ഈണം, ലയം, താളം)

ഉത്തരമെഴുതുക.

4. ഇത്തവണ ചിങ്ങംഒന്ന്, മലയാളവർഷപ്പിറവി വിപുലമായി ആഘോഷിക്കാൻ സ്കൂളിലെ മലയാളവേദി തീരുമാനിച്ചതിൽ പിന്നെ ശിശിരക്കും കൂട്ടുകാർക്കും വിശ്രമമില്ലാതായി. പ്രധാന ആകർഷക ഇനം തന്നെ നാടൻ പാട്ടുകളുടെ അവതരണമാണ്. ഈണത്തിലും, താളത്തിലും വൈവിധ്യമുൾക്കൊണ്ട രണ്ട് നാടൻ പാട്ടുകൾ കോർത്തിണക്കി മനോഹരമായി അവതരിപ്പിക്കാൻ ശിശിരയും കൂട്ടുകാരും തീരുമാനിച്ചു. അതിനനുസരിച്ചുള്ള വൈവിധ്യമാർന്ന വായ്ത്താരികളും അവർ ചിട്ടപ്പെടുത്തി. ഇത്തരത്തിൽ വൈവിധ്യമാർന്ന രണ്ട് വായ്ത്താരികൾ ചിട്ടപ്പെടുത്തി എഴുതുക.

5. വിവിധ ദിനാചരണ ദിനങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു. ഓരോന്നിനും അനുയോജ്യമായ ഗാനങ്ങൾ കണ്ടെത്തുക.

(ഗാനത്തിന്റെ ആദ്യ ഭാഗം മാത്രം)

a.) ജൂൺ - 1 - പ്രവേശനോത്സവം

b.) ജൂൺ - 5 - പരിസ്ഥിതിദിനം

c.) ആഗസ്റ്റ് -15 - സ്വാതന്ത്ര്യദിനം

d.) നവംബർ - 1 - കേരളപ്പിറവി

e.) ഡിസംബർ - 25 - ക്രിസ്തുമസ്

6. എണ്ണ വറ്റാറായി വിളക്കിലെ നാളവും
കണ്ണു ചിമ്മുന്നു തിരികെടാറാവുന്നു.
നാളെപ്പരീക്ഷയാണീയിരുപ്പിൽ തന്നെ
താളുകളെത്രയോ വീണ്ടും മറിക്കണം
ഉണ്ണി വിളിക്കുന്നു ചേച്ചിയെ ഇത്തിരി
എണ്ണയും കൂടി വിളക്കിൽ പൊഴിക്കുവാൻ
മൺപുരക്കുള്ളിലിരുട്ടിൽ നിന്നും ചേച്ചി
മന്ത്രിപ്പതു കേട്ടു..... തീർന്നു വിളക്കെണ്ണ..

ഒ.എൻ.വി കുറുപ്പിന്റെ ചേച്ചി എന്ന കവിതയിലെ വരികളാണിത്. ഈ വരികളുടെ ആശയം മനസ്സിലാക്കി ഈണം നൽകുന്നുവെങ്കിൽ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

1. ഇന്നലെ നൃത്ത ക്ലാസ്സിൽ പഠിച്ച മുദ്രകൾ കൂട്ടുകാരികൾക്കു പരിചയപ്പെടുത്തണം. പക്ഷേ പല മുദ്രകളുടെയും പ്രയോഗങ്ങൾ മിനു മറന്നുപോയി. താഴെയുള്ള പട്ടികയിൽ നിന്നും അനുയോജ്യമായവ തെരെഞ്ഞെടുത്ത് മിനുവിനെ സഹായിക്കൂ.

a


b


c


d


e


- കോഴി
- അൽപം
- ശക്തി
- വാൽക്കണ്ണ്
- ഒന്ന് എന്ന അക്കം

2. (a) നിങ്ങൾക്ക് പരിചയമുള്ള മൂന്ന് ശാസ്ത്രീയ നൃത്ത രൂപങ്ങളുടെ പേരെഴുതുക.

   (b) ശാസ്ത്രീയ മുദ്രകളെ സംബന്ധിച്ച് പ്രതിപാദിക്കുന്ന ഗ്രന്ഥമാണ് നാട്യശാസ്ത്രം. ആരാണ് ഈ ഗ്രന്ഥം രചിച്ചത്?

   (c) ഇക്കഴിഞ്ഞ വർഷത്തെ (2016) പത്മശ്രീ പുരസ്കാരം നേടിയ കഥകളി ആചാര്യന്റെ പേരെന്ത്?

3. (a) തുള്ളൽ എന്ന കലാരൂപം എത്രവിധം? അവ ഏതെല്ലാം?

   (b) തമിഴ്നാടിന്റെ ശാസ്ത്രീയ നൃത്തരൂപമേത്?

   (c) കേരളീയ കലകളുടെ പുനരുദ്ധാരണത്തിനുവേണ്ടി മഹാകവി വള്ളത്തോളിന്റെ നേതൃത്വത്തിൽ സ്ഥാപിച്ച കലാപരിശീലന സ്ഥാപനമേത്?

## വിഭാഗം 2 - പ്രവൃത്തിപഠനം

**1 മുതൽ 3 വരെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം**

1. രണ്ട് ജൈവ കീടനാശിനികളുടെ പേരെഴുതുക.
2. അലങ്കാരത്തയ്യലിൽ ഒരു പൂവ് വേഗത്തിൽ പൂർത്തീകരിക്കുന്നതിന് ഉപയോഗിക്കുന്നത് ഏത് തരം തയ്യൽ?
3. ലോഹത്തകിട് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന രണ്ട് ഉപകരണങ്ങളുടെ പേരെഴുതുക.

**4 മുതൽ 8 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം.**

4. ചെമ്പരത്തി സ്ക്വാഷ് നിർമ്മാണത്തിൽ നാരങ്ങനീര് ചേർക്കുന്നതെന്തിന്?
5. പ്ലാസ്റ്റിക് ക്യാരി ബാഗുകളെ അപേക്ഷിച്ച് പേപ്പർക്യാരിബാഗുകൾക്കുള്ള മേൻമകൾ എന്തെല്ലാം?
6. മറ്റ് പെയ്ന്റുകളിൽ നിന്നും വ്യത്യസ്തമായി മാർബിൾ പ്രിന്റിംഗിന് ഉപയോഗിക്കുന്ന പെയിന്റിന് വേണ്ട ഗുണം എന്താണ്? ഉദാഹരണം എഴുതുക.
7. ലോഹത്തകിട് ഉപയോഗിച്ച് നിർമ്മിക്കാവുന്ന 4 വീട്ടുപകരണങ്ങളുടെ പേരെഴുതുക.
8. പ്ലാസ്റ്റർ ഓഫ് പാരീസിന്റെ ഉപയോഗങ്ങൾ എഴുതുക.

**ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരം എഴുതുക.**

9. പുകയില കഷായ നിർമ്മാണ രീതി വിശദമാക്കുക

അല്ലെങ്കിൽ

10. പേപ്പർക്യാരിബാഗിൽ ഫൈലെറോട് [illegible] പിടിവള്ളി വെയ്ക്കുന്ന പ്രവർത്തനം വിശദമാക്കുക.

## വിഭാഗം 3 - ആരോഗ്യ കായിക വിദ്യാഭ്യാസം

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങൾക്ക് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക**

1. സുരക്ഷയുടെ ഭാഗമായി മൗത്ത് ഗാർഡ് ഉപയോഗിക്കുന്ന ഒരു കായിക ഇനത്തിന്റെ പേരെഴുതുക.

   (നീന്തൽ, ഹോക്കി, വോളിബോൾ, ക്രിക്കറ്റ്)

2. റോഡിന്റെ ഏത് ഭാഗത്തുകൂടെയാണ് സൈക്കിൾ സവാരി നടത്തേണ്ടത്?

   (ഇടതുവശം, വലതുവശം, നടുവിലൂടെ, സീബ്രാലൈനിലൂടെ)

3. തലചുറ്റിവീണ കുട്ടിയുടെ കാൽ ഹൃദയതലത്തിൽ നിന്നും

   (ചെരിച്ചുവയ്ക്കുക, താഴ്ത്തിവയ്ക്കുക, ഉയർത്തിവയ്ക്കുക, നിവർത്തിവയ്ക്കുക)

4. ബോഡി മാസ്സ് ഇൻഡക്സ് (BMI) കാണാനുള്ള സൂത്രവാക്യമാണ് ഉയരം$^2$ (M) x ഭാരം (Kg)

(ശരി/ തെറ്റ്)

**5 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക.**


5. കളിക്കാരുടെ സുരക്ഷയ്ക്കായ് ഉപയോഗിക്കുന്ന നാല് കളിയുപകരണങ്ങളുടെ പേര് എഴുതുക.

6. എന്താണ് പ്രഥമശുശ്രൂഷ?

7. സൈക്കിൾ സവാരിയിലൂടെ ലഭിക്കുന്ന നാല് പ്രധാന ഗുണങ്ങൾ ഏവ?

8. എന്താണ് ബോഡി മാസ് ഇന്റഡക്സ് (BMI)?

9. അർധശലഭാസനം ചെയ്യുന്നതുകൊണ്ടുള്ള ഗുണങ്ങൾ എന്തൊക്കെ?



10. ചേരുംപടി ചേർക്കുക ('എ' ഭാഗത്ത് കൊടുത്തിരിക്കുന്ന സുരക്ഷാ ഉപകരണങ്ങൾക്ക് അനുയോജ്യമായ കളികൾ 'ബി' ഭാഗത്ത് നിന്നും കണ്ടെത്തി എഴുതുക).

| എ | ബി |
|---|---|
| ഷിൻഗാർഡ് | ബോക്സിങ് |
| മൗത്ത് ഗാർഡ് | വോളിബോൾ |
| ഹെൽമറ്റ് | ഫുട്ബോൾ |
| നീ പാഡ് | ക്രിക്കറ്റ് |

**11 മുതൽ 12 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക.**

11. മൂക്കിൽ നിന്നും രക്തസ്രാവം ഉണ്ടാകുമ്പോൾ നൽകേണ്ട പ്രഥമശുശ്രൂഷ എഴുതുക?

12. ഒരു വ്യക്തിയുടെ ഉയരം അളക്കുന്ന രീതി വിവരിക്കുക.